**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2178** **12-12-2022 - ൽ മറുപടിയ്ക്ക്**

**ജവഹർലാൽ നെഹ്റു ബോട്ടാണിക്കൽ ഗാർഡനിലെ ജീവനക്കാർ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. യു.എ.ലത്തീഫ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | പാലോട് ജവഹർ ലാൽ നെഹ്റു ബോട്ടാണിക്കൽ ഗാർഡനിൽ ഇപ്പോൾ എത്ര സ്ഥിരം/താല്കാലിക ജീവനക്കാരുണ്ടെന്ന് വിശദമാക്കുമോ; | (എ) | പാലോട് ജവഹർലാൽ നെഹ്റു ബൊട്ടാണിക്കൽ ഗാർഡനിൽ ഇപ്പോൾ സ്ഥിരം ജീവനക്കാരായി 122 പേരും താൽക്കാലിക ജീവനക്കാരായി 115 പേരും ജോലി ചെയ്തു വരുന്നു. |
| (ബി) | പ്രസ്തുത സ്ഥാപനത്തിൽ എത്ര സെക്ഷൻ ഓഫീസർമാരുടെ ഒഴിവുകൾ ഉണ്ടെന്ന് വ്യക്തമാക്കാമോ; ഒഴിവുള്ള സെക്ഷൻ ഓഫീസർ തസ്തികയിൽ നിയമനം നടത്തുന്നതിന് എന്തെങ്കിലും തടസ്സം ഉണ്ടോ; എങ്കിൽ വിശദമാക്കുമോ; | (ബി) | പാലോട് ജവഹർലാൽ നെഹ്റു ബൊട്ടാണിക്കൽ ഗാർഡനിൽ സെക്ഷൻ ഓഫീസറുടെ രണ്ട് ഒഴിവുകൾ നിലവിലുണ്ട്. കൗൺസിൽ ചട്ട പ്രകാരം തയ്യാറാക്കുന്ന ഏകീകൃത സെലക്ട് ലിസ്റ്റ് നിന്നും സ്ഥാനക്കയറ്റം മുഖേനയാണ് സെക്ഷൻ ഓഫീസർ തസ്തികയിൽ നിയമനം നൽകുന്നത്. നിലവിൽ ചില ജീവനക്കാർ ഏകികൃത സെലക്ട് ലിസ്റ്റ് നിന്നും സ്ഥാനക്കയറ്റം നൽകുന്നത് സംബന്ധിച്ച നൽകിയ കേസ് ബഹു.ഹൈക്കോടതി മുമ്പാകെ നിലനിൽക്കുന്നതിനാലാണ് സെക്ഷൻ ഓഫീസർ തസ്തികയിലേക്കുള്ള നിയമനത്തിൽ തീരുമാനം എടുക്കാൻ കഴിയാത്തത്. |
| (സി) | പ്രസ്തുത ഓഫീസിൽ കോടതി കേസുകൾ കൂടുതൽ ഉള്ളതിനാൽ ഡെപ്യൂട്ടി സെക്രട്ടറി റാങ്കിൽ കുറയാത്ത ഒരു ഉദ്യോഗസ്ഥനെ ലോ ഓഫീസറായി നിയമിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; | (സി) | നിലവിൽ പരിഗണനയിലില്ല. |
| (ഡി) | നിലവിലുള്ള താല്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുന്നുണ്ടോ; വിശദമാക്കുമോ? | (ഡി) | പാലോട് ജവഹർലാൽ നെഹ്റു ബൊട്ടാണിക്കൽ ഗാർഡനിൽ 10 വർഷത്തിനുമേൽ സർവ്വീസുള്ള താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തണമെന്ന് അഭ്യർത്ഥിച്ച് കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ നൽകിയ ശിപാർശ, നിലവിലുള്ള കോടതി ഉത്തരവുകളുടെയും സർക്കുലറുകളുടെയും അടിസ്ഥാനത്തിൽ സർക്കാർ പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ